കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാലാം സമ്മേളനം

2000 ജൂൺ 26, തിങ്കൾ

വാല്യം 111] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2000 ജൂൺ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ:- ഓർഡർ, ഓർഡർ ചോദ്യം നമ്പർ 151.

മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

1 (*151)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ട ഉൽപ്പാദനം വർദ്ധിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള മുട്ടയുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് കൂടുതൽ 'ഹാച്ചറികൾ' സ്ഥാപിച്ച് മുട്ട വിരിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനുവേണ്ടി ഹാച്ചറികളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) താറാവുമുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താറാവ് വളർത്തൽ കേന്ദ്രത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനം മുട്ടയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ;

(ജി) കോഴി-താറാവ് കൃഷിക്കാർക്ക് സർക്കാർ ഇപ്പോൾ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് പ്രതിവർഷം 35 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി ഇനി പറയുന്ന പരിപാടികൾ സ്വീകരിച്ചുവരുന്നു.

(1) എഗ്ഗർ നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക

(2) കോഴിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുക

(3) കോഴിരോഗങ്ങൾ നിയന്ത്രിക്കുക

(4) ശാസ്ത്രീയമായ കോഴിവളർത്തൽ പരിപാടികൾ വ്യാപകമാക്കുക.

(5) താറാവുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

(6) പൗൾട്രി കോർപ്പറേഷന്റെയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെയും പ്രവർത്തനം ശക്തിപ്പെടുത്തുക.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മുട്ടയുടെ ഇറക്കുമതി പൂർണ്ണമായും നിയന്ത്രിക്കുന്നത് എളുപ്പമല്ല. ഇപ്പോൾ സംസ്ഥാനത്ത് മുട്ടയുടെ ഉൽപ്പാദനം ആവശ്യമുള്ളതിനേക്കാൾ കുറവായതിനാൽ ആവശ്യകത നിറവേറ്റുന്നതിനായി അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചുവരുന്നത്. കേരളത്തിൽ ആവശ്യമുള്ള മുട്ടയുടെ 20 ശതമാനം മാത്രമാണ് ഇറക്കുമതി ചെയ്യപ്പെടുന്നത്.

(സി) ആവശ്യാനുസരണം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. അധികമായി ഡിമാന്റ് വരുന്നപക്ഷം കൂടുതൽ ഹാച്ചറികൾ സ്ഥാപിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. വികേന്ദ്രീകൃത ഭരണ സംവിധാനത്തിന്റെ വെളിച്ചത്തിൽ ത്രിതല പഞ്ചായത്തുകൾക്കും ഈ പ്രവർത്തനം ഏറ്റെടുത്തു നടത്താവുന്നതാണ്.

(ഡി) ഹാച്ചറികളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

(ഇ) കൂടുതൽ മാതൃ-പിതൃ ശേഖരത്തെ വളർത്തുവാൻ വേണ്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കാൻ നടപടിയെടുത്തുകഴിഞ്ഞു.

(എഫ്) മുട്ട ഉൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി 'ഇന്റഗ്രേറ്റഡ് പ്രോജക്ട് ഫോർ പ്രൊമോട്ടിംഗ് പൗൾട്രി പ്രൊഡക്ഷൻ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ജി) കോഴി-താറാവ് കൃഷിക്കാർക്ക് ഇനി പറയുന്ന സഹായങ്ങൾ നൽകിവരുന്നു.

(1) ഉൽപ്പാദനശേഷികൂടിയതും സംസ്ഥാനത്തെ സാഹചര്യങ്ങൾക്കു യോജിച്ചതുമായ കോഴിയെയും താറാവിനെയും കർഷകർക്ക് ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) കോഴികളുടെ വിവിധ രോഗനിയന്ത്രണവും പ്രതിരോധ കുത്തിവയ്പ്പും സൗജന്യമായി ചെയ്തുകൊടുക്കുന്നു.

(3) ശാസ്ത്രീയ കോഴിവളർത്തൽ പരിശീലനം കൊടുക്കുന്നു.

(4) സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുക്കുന്നു.

(5) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കാൻ പ്രോജക്ടുകൾ തയ്യാറാക്കിക്കൊടുക്കുന്നു.

(6) ഇൻഷർ ചെയ്യുന്നതിൽ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നു.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ഗവൺമെന്റ് നടപടികളിൽ ശാസ്ത്രീയമായ കോഴിവളർത്തൽ പരിപാടികൾ വ്യാപകമാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ ശാസ്ത്രീയമായ കോഴിവളർത്തൽ പരിപാടികൾ എന്തെല്ലാമാണ്; അവ ഇപ്പോൾ എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

<u>ശ്രീ. ജി. ചന്ദ്രശേഖരൻ നായർ</u> : അതിന്റെ ഡീറ്റെയിൽസാണ് ഞാൻ ഒന്നാമത്തെ ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞത്. അതിൽ പ്രധാനമായിട്ടും നമ്മുടെ ഹാച്ചറികളിൽനിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കൊടുത്ത് അവർ പ്രായപൂർത്തിയാകുന്നതുവരെ വളർത്തി പ്രതിരോധ കുത്തിവയ്പ്പുകളെല്ലാം കൊടുത്തശേഷം പഞ്ചായത്തുകളുടെ വിവിധ സ്കീമുകളിൽ കൃഷിക്കാർക്ക് കൊടുക്കുന്നുണ്ട്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : കോഴിവളർത്തൽ, മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യത്തിൽ സഹകരണ മേഖല ഇടപെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ സഹകരണ മേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട്, പ്രോത്സാഹിപ്പിച്ചുകൊണ്ട്, കോഴിവളർത്തൽ, മുട്ട ഉൽപ്പാദന വർദ്ധനവ് എന്നിവയ്ക്ക് സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : തീർച്ചയായിട്ടും സഹകരണ മേഖലയ്ക്ക് ശക്തമായി ഇടപെടാവുന്ന ഒരു മേഖലയാണിത്. അതുകൊണ്ട് വേണ്ട സഹായങ്ങൾ സഹകരണ മേഖല മുന്നോട്ടുവരികയാണെങ്കിൽ ചെയ്തുകൊടുക്കാം.

<u>ശ്രീ. ജി. സുധാകരൻ</u> : ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുട്ട ഉൽപ്പാദനത്തിൽ നിലവിലുള്ളതിനേക്കാൾ എത്രമാത്രം വർദ്ധനവുണ്ടായെന്ന് വ്യക്തമാക്കാൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : എന്റെ കയ്യിൽ 1997-98-ലെ ഫിഗേഴ്സ് മാത്രമേ ഉള്ളൂ; 2137 മില്യനാണ്. 1998-99-ൽ ടാർജറ്റ് ചെയ്തിരുന്നത് 2929 മില്യനാണ്. ആക്ചൽ പ്രൊഡക്ഷൻ ഫിഗേഴ്സ് നോക്കി പറയുന്നതിൽ കുറച്ച് സമയമെടുക്കും. അതിന് നോട്ടീസ് തന്നാൽ കൊടുക്കാം.

<u>ശ്രീ. ജി. സുധാകരൻ</u> : താറാവ് കർഷകരുടെ സഹകരണ സംഘങ്ങളും മറ്റും മുമ്പ് രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ഈ സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; അതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ പറയാൻ കഴിയുമോ? വസന്തരോഗം പോലുള്ള മാരകമായ രോഗങ്ങൾമൂലം ആയിരക്കണക്കിന് താറാവുകൾ ചത്തൊടുങ്ങുമ്പോൾ കൃഷിക്കാർക്ക് കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്? ഇക്കാര്യങ്ങളെല്ലാം അടങ്ങുന്ന സമഗ്രമായ ഒരു താറാവുസംരക്ഷണ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിൽ പ്രത്യേകിച്ച് നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. താറാവുകൾക്ക് രോഗം വന്ന് ചത്തൊടുങ്ങുമ്പോൾ താറാക്കുഞ്ഞുങ്ങളെ റീപ്ലേയ്സ് ചെയ്യാനായിട്ട് കൊടുക്കുന്നുണ്ട്. താറാവു വളർത്തൽ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. സഹകരണ സംഘങ്ങൾ ഉണ്ടാക്കി പുതിയ നിർദ്ദേശങ്ങൾ വയ്ക്കുകയാണെങ്കിൽ തീർച്ചയായും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാം.

ശ്രീ. എ. അലിഹസ്സൻ : ജില്ലാതലത്തിൽ എത്ര കോഴിവളർത്തൽ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; തിരുവനന്തപുരം ജില്ലയിൽ ഒരു വലിയ കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിലാണ് കുടപ്പനക്കുന്ന്. മിക്കവാറും എല്ലാ ജില്ലകളിലും ഇപ്പോൾ കോഴിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. ഗവൺമെന്റിന്റെ ഹാച്ചറികൾ ഉണ്ട്. അതിൽ ഏറ്റവും വലിയ ഹാച്ചറി ഉള്ളത് ഇപ്പോൾ തിരുവനന്തപുരം ജില്ലയിലാണ്.

ശ്രീ. എ. അലിഹസ്സൻ : 48 കോടിയോളം മുട്ട ഇറക്കുമതി ചെയ്യുന്നതായി അറിയുന്നു. ഓരോ ഗ്രാമപഞ്ചായത്തിലും വൻതോതിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് എഗ്ഗ് നഴ്സറികൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകാൻ ഡിപ്പാർട്ടുമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിന് തയ്യാറാണ്. അതിൽ പ്രായോഗിക പ്രശ്നം വരുന്നത് എഗ്ഗ് നഴ്സറി ഉണ്ടെങ്കിൽ കോഴിക്കുഞ്ഞുങ്ങൾക്ക് രണ്ടുമാസം പ്രായമായിക്കഴിഞ്ഞാൽ അവയെ കൃഷിക്കാർക്ക് വിതരണം ചെയ്യാൻ സാധിക്കണം. കൃഷിക്കാരെല്ലാം പ്രതീക്ഷിക്കുന്നത് സബ്സിഡിയാണ്. ഇന്ന് ആ സബ്സിഡികളെല്ലാം കൊടുക്കുന്നത് പഞ്ചായത്തുകളാണ്. അപ്പോൾ പഞ്ചായത്തുകളുടെ പ്ലാൻ സ്ക്കീമൊക്കെ തയ്യാറാക്കാൻ താമസം വന്നുകഴിഞ്ഞാൽ ഇതനുസരിച്ചുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് കാലതാമസം വരും. കൂടുതൽ ദിവസങ്ങൾ കോഴിക്കുഞ്ഞുങ്ങൾ എഗ്ഗ് നഴ്സറികളിൽ നിൽക്കുമ്പോൾ വളരെ കോസ്റ്റിറ്റി ആകുന്നതുകൊണ്ട് എഗ്ഗ് നഴ്സറികൾ ലാഭകരമാകാതെവരുന്നു. അതുകൊണ്ട് ത്രിതല പഞ്ചായത്തുകൾ ഒന്നുകൂടി ശ്രദ്ധിക്കുകയാണെന്നുണ്ടെങ്കിൽ നമുക്ക് എല്ലാവർക്കും കൊടുക്കാൻ സാധിക്കും. ബാക്ക്യാർഡ് ഹാച്ചറിയാണ് നമുക്ക് ഏറ്റവും നല്ലത്.

ശ്രീ. തുമ്പാനൂർ രവി : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം അടുത്തകാലത്തായി ചില മന്ത്രിമന്ദിരങ്ങളിലും ചില രാഷ്ട്രീയ പാർട്ടി ഓഫീസുകളിലും കോഴിയും കോഴിമുട്ടയും കൂടുതൽ ഉപയോഗിക്കുന്നതുമൂലം തിരുവനന്തപുരം പട്ടണത്തിൽ ഇത് രണ്ടും ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ ആവശ്യത്തിന് വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : അതിന് ഉത്തരം പറയേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ആര് കോഴിയിറച്ചി തിന്നുന്നു, ആര് കോഴിമുട്ട തിന്നുന്നു എന്നുള്ളത് ഗവൺമെന്റ് അന്വേഷിക്കാറില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : മുട്ടയിടുന്ന കോഴിയെ അവസാനം ഇറച്ചിക്കായി വിൽക്കുകയാണ് ചെയ്യാറുള്ളത്. അതുകൂടി ഉണ്ടെങ്കിൽ മാത്രമേ പൗൾട്രി ഫാമുകൾ ലാഭകരമായി നടത്താൻ സാധിക്കൂ. എന്നാൽ കോഴിയിറച്ചി അമേരിക്കയിൽനിന്ന് ഇറക്കുമതി ചെയ്യാൻ ഇപ്പോൾ കരാറിൽ ഒപ്പുവച്ചിരിക്കുന്നതിന്റെ ഫലമായി പൗൾട്രി ഫാം നടത്തുന്നത് ആദായകരമല്ലാത്ത ഒരു സ്ഥിതിയിൽ എത്തിയിട്ടുണ്ട്. കോഴിയിറച്ചി ഇറക്കുമതി ചെയ്യുന്നത് നേരത്തെ ശ്രീ. തമ്പാനൂർ രവി പറഞ്ഞതുകൊണ്ടാണോയെന്നറിയില്ല. ഇതെല്ലാം വാങ്ങിതിന്നുന്നതുകൊണ്ടുള്ള ഷോർട്ടേജ് നികത്താനാണോ കോഴിയിറച്ചി ഇറക്കുമതി ചെയ്യാൻ അനുമതി കൊടുത്തതെന്നുള്ളത് അറിയില്ല. എന്തായാലും ആ കോഴിയിറച്ചി ഇറക്കുമതി ഈ പൗൾട്രി ഫാമുകളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുകയില്ലേ? അത് നടത്തുന്ന ആളുകൾ കടക്കാരായിത്തീരാൻ ഇടവരില്ലേ? അതുകൊണ്ട് അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കേന്ദ്ര അനിമൽ ഹസ്ബൻഡ്രി മിനിസ്റ്ററുടെ പ്രസംഗം ഹിന്ദുവിൽ റിപ്പോർട്ട് ചെയ്തിരുന്നത് അനുസരിച്ചാണെങ്കിൽ ഒരു കിലോഗ്രാം ഇമ്പോർട്ടഡ് കോഴിയിറച്ചിയ്ക്ക് 24 രൂപയേ ആകുകയുള്ളു. എന്നാൽ, ഇവിടെ ഒരു കിലോഗ്രാം കോഴിയിറച്ചി ഉണ്ടാക്കുന്നതിനു 33 രൂപയാകുമെന്നും അദ്ദേഹത്തിന്റെ തന്നെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പ്രതീക്ഷിക്കാത്തതായിരുന്നു; പാൽ ഇറക്കുമതി ചെയ്യുമെന്ന് പറഞ്ഞത് വെറുതെയായിരിക്കുമെന്നാണ് വിചാരിച്ചത്. പക്ഷേ, ഇപ്പോൾ പാൽ ഇറക്കുമതി ചെയ്തുകഴിഞ്ഞു. അതുപോലെ ഇനി കോഴിയിറച്ചിയും ഇറക്കുമതി ചെയ്യുമോയെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ആര്യാടൻ മുഹമ്മദ് : കോഴിയിറച്ചി, പാൽ, തുടങ്ങിയ സാധനങ്ങൾ അമേരിക്ക, ചൈന തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു. അതുപോലെ നമ്മുടെ സംസ്ഥാനത്ത് അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തെയെങ്കിലും രക്ഷിക്കാൻ ഇറക്കുമതി ചെയ്യുന്നതിന് എൻട്രി ടാക്സ് കൊണ്ടുവരുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോഴിയുടെ കാര്യത്തിൽ ഇപ്പോൾ എൻട്രി ടാക്സ് ഉണ്ട്. പക്ഷേ, അതിന്റെ കളക്ഷൻ കുറെക്കൂടി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞവർഷം അഞ്ചാറ് കോടി രൂപ പൗൾട്രിയിൽനിന്ന് എൻട്രി ടാക്സ് കിട്ടിയിട്ടുണ്ട്. കുറേക്കൂടി ശ്രദ്ധിക്കുകയാണെങ്കിൽ ടാക്സും കൂടുതൽ കിട്ടും. ബഹു. മെമ്പർ പറഞ്ഞതുപോലെ പാലിന്റെ കാര്യത്തിലും എൻട്രി ടാക്സിന്റെ കാര്യത്തെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുന്നുണ്ട്. പക്ഷേ, ഇമ്പോർട്ടഡ് സാധനങ്ങൾക്ക് എൻട്രി ടാക്സ് ചുമത്താനുള്ള ലീഗൽ റൈറ്റ് നമുക്ക് ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. ടി.കെ. ബാലൻ : നമ്മുടെ സംസ്ഥാനത്തേയ്ക്ക് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്ന് ഓരോ ദിവസവും ലക്ഷക്കണക്കിന് ഇറച്ചിക്കോഴികളെ കൊണ്ടുവരുന്നുണ്ട്. ഈ കോഴികളിൽ മിക്കതും രോഗം ബാധിച്ചതും വളരെ അവശതയുള്ളതുമായിരിക്കും. ആ കോഴിയെപ്പറ്റിത്തന്നെ പറയുന്നത് എയ്ഡ്സ് കോഴി എന്നാണ്. അതുകൊണ്ട് ഇങ്ങനെ കൊണ്ടുവരുന്ന കോഴികളെ സംബന്ധിച്ചും അതിന്റെ ആരോഗ്യത്തെ സംബന്ധിച്ചും ഉറപ്പുവരു

ത്താൻ അനിമൽ ഹസ്ബൻഡ്രി ഡിപ്പാർട്ടുമെന്റിൽ വല്ല സംവിധാനവും ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നമ്മുടെ കോഴിയിറച്ചിയുടെ ഡിമാന്റ് നമ്മൾ കണക്കാക്കിയിരിക്കുന്നത് അനുസരിച്ച് ആനുവൽ റേറ്റ് ഓഫ് ഗ്രോത്ത് 5 ശതമാനമാണ്. 5 ശതമാനം വീതം വർദ്ധിച്ചിരിക്കുന്നു. അത്രയുംവേഗത്തിൽ നമ്മുടെ പൗൾട്രി പ്രൊഡക്ഷൻ വരുന്നില്ല. അതുകൊണ്ട് ഇപ്പോഴും 22,000 മെട്രിക് ടൺ കോഴിയിറച്ചിയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. അതിൽ 70,000 മെട്രിക് ടൺ കോഴിയിറച്ചിയുടെ അഭാവം നമുക്ക് ഉണ്ട്. അതുകൊണ്ട് ഇപ്പോൾ ഇമ്പോർട്ട് ടോട്ടലായിട്ട് റെസ്ട്രിക്ട് ചെയ്യുന്നത് ശരിയായിരിക്കുകയില്ലെന്നാണ് തോന്നുന്നത്.

ശ്രീ. സത്യൻ മൊകേരി : കോഴിക്കൃഷിക്കാർക്ക് കോഴിത്തീറ്റയുടെ ദൗർലഭ്യവും ഉണ്ട്, വിലക്കൂടുതലുമുണ്ട്. കോഴിത്തീറ്റ വില കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും, മറ്റ് പല മേഖലകളിലും വൈദ്യുതിയുടെ ആനുകൂല്യം കൃഷിക്കാർക്കു നൽകുന്നപോലെ കോഴികൃഷിക്കാർക്കും വൈദ്യുതി നിരക്ക് സൗജന്യമായി അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോഴിത്തീറ്റ കുറവുണ്ടെന്നുള്ളത് ശരിയാണ്. 70,000 മെട്രിക് ടൺ കോഴിത്തീറ്റയുടെ കുറവ് ഉണ്ട്. പിന്നെ കോഴിത്തീറ്റ മാത്രം കൊടുത്ത് കോഴിയെ വളർത്തിയാൽ മുട്ട ഉൽപ്പാദനം ലാഭകരമായി നടത്താൻ സാധിക്കുകയില്ല. കോഴിത്തീറ്റയ്ക്ക് ടാക്സ് കുറയ്ക്കുന്ന കാര്യം പരിശോധിക്കാം. ഇലക്ട്രിസിറ്റിയുടെ കാര്യവും പരിശോധിക്കാം.

ശ്രീ. ജി. കാർത്തികേയൻ : മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളെക്കുറിച്ചാണ് ചോദ്യവും ഉത്തരവും. ചില ഉൽപ്പന്നങ്ങളിൽ മായം ഇല്ലെന്ന് ഒരു സങ്കൽപമുണ്ടായിരുന്നു. ഇപ്പോൾ മുലപ്പാലിൽവരെ മായം ഉണ്ടെന്നാണ് പുതിയ കണ്ടെത്തൽ. മുട്ടയിൽ ചുവന്ന മുട്ടയ്ക്ക് മാർക്കറ്റിൽ വിലക്കൂടുതലാണ്. അതിന് രുചിയും കൂടുതലാണ്. വെള്ള മുട്ട തന്നെ തേയിലവെള്ളത്തിൽ ഒരു ദിവസം ഇട്ടതിനുശേഷം-അതിന്റെ പുറത്തെ കളർ ചുവപ്പാക്കി-കേരളത്തിലെ മാർക്കറ്റിൽ വ്യാപകമായി വിൽപ്പന നടത്തുന്നു. വീട്ടിൽ വന്നതിനുശേഷമേ വീട്ടമ്മമാർക്ക് ഇതിനകത്തുള്ള കള്ളത്തരം മനസ്സിലാകൂ. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നടപടിയെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇതുവരെ ഈ പുതിയ ടെക്നിക് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും അത് പരിശോധിക്കാൻ പറയാം.

ശ്രീ. കെ. പ്രകാശ് ബാബു : കേരളത്തിൽ കോഴിമുട്ടയുടെ നിലവിലുള്ള ആവശ്യം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആവശ്യത്തിലേക്ക് എത്തിച്ചേരാൻ പൗൾട്രി ഫാമുകളും ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് എന്തെല്ലാം പദ്ധതികളുണ്ട്? ആ പദ്ധതികൾ നടപ്പിലാകുന്നതുവരെ ഉണ്ടാകുന്ന ഷോർട്ടേജ് എങ്ങനെ മേക്കപ്പ് ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നതനുസരിച്ച് കേരളത്തിൽ പ്രതിവർഷം 460 ദശലക്ഷം കോഴി മുട്ടയുടെ കുറവുണ്ട്. 22,000 മെട്രിക് ടൺ കോഴിയിറച്ചിയുടെയും 70,000 മെട്രിക് ടൺ കോഴിത്തീറ്റയുടെയും കുറവ് അനുഭവപ്പെടുന്നതായിട്ടാണ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കിയിരിക്കുന്നത്. കോഴി വളർത്തലിന് ഏറ്റവും നല്ല ഒരു പരിപാടി യായിട്ട് കേരളത്തിന്റെ അനുഭവത്തിൽ കാണുന്നത് ബാക്ക്യാർഡ് പൗൾട്രി യാണ്. ബാക്ക്യാർഡ് പൗൾട്രിയ്ക്ക് വാസ്തവത്തിൽ ആനുവൽ റീപ്ലേസ്മെന്റ് വേണം. അതുകൊണ്ട് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിലൂടെ മാത്രമേ ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ് ചെയ്യാൻ സാധിക്കൂ. അതുകൊ ണ്ടാണ് നഴ്സറി അനുവദിച്ചിട്ട് day old chick -നെ hatch ചെയ്ത് അവരെ ക്കൊണ്ട് വളർത്തിക്കൊടുക്കുന്നത്. പക്ഷേ, ഇതിൽ കുറേക്കൂടി ആസൂത്രിത മായ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. ഇതിന്റെ വിതരണം നടത്തുന്നത് ത്രിതല പഞ്ചായത്തുംകൂടി ചേർന്നാണ്. ചിലപ്പോഴൊക്കെ, അവരുടെ ഫണ്ട്സ് ശരിയായി വരാൻ കാലതാമസം നേരിട്ടാൽ, സാധിക്കില്ല. രണ്ടുമാസം, മൂന്നു മാസം ഏജ് കഴിഞ്ഞാൽ അപ്പോൾത്തന്നെ കോഴിക്കുഞ്ഞുങ്ങളെ വിൽക്കേണ്ട തായിട്ടുണ്ട്. അതുകൊണ്ട് കുറേക്കൂടി ആസൂത്രിതമായ രീതിയിൽ കോഴിയെ വിതരണം നടത്തുന്നതിനുള്ള പരിശ്രമം ത്രിതല പഞ്ചായത്തുകളുമായി ആലോചിച്ച് ചെയ്യുന്നതാണ്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായുള്ള കേന്ദ്ര റേഷൻ സംവിധാനം

2 (*152)പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോ ദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനംപേർ ദാരിദ്ര്യരേഖയ്ക്ക് താഴെ യുള്ളവരായി കണക്കാക്കിയാണ് കേന്ദ്രം റേഷനരി അനുവദിച്ചിട്ടുള്ളത്; ദാരി ദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് റേഷൻ നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് പ്രതിമാസം എത്ര ടൺ അരി നൽകുന്നുണ്ട്;

(ബി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് നൽകുവാൻ കേന്ദ്രം തരുന്ന റേഷൻ അരിയുടെ വില എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തുള്ള ജനങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർ എത്രശതമാനം വരുമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ കണക്ക്;

(ഡി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കേന്ദ്ര സർക്കാർ റേഷൻ അരി നൽകുന്ന അതേ വിലയ്ക്ക് സംസ്ഥാന ഗവൺമെന്റും റേഷൻ അരി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

(എ) സംസ്ഥാനത്തെ 25.43 ശതമാനം കുടുംബങ്ങളെയാണ് കേന്ദ്രം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി അംഗീകരിച്ചിട്ടുള്ളത്. അവർക്ക് നൽകാ നായി പ്രതിമാസം 30,700 ടൺ അരി മാത്രമാണ് കേന്ദ്രഗവൺമെന്റ് 50 ശതമാനം സബ്സിഡിയോടെ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly